I/164290/2024

നം. DDDKER/4976/2021-ES2

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
e-mail:dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി: 12-04-2024

ഡയറക്ടർ

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ശ്രീ.എസ്.ഹംസപിള്ള, നൈറ്റ് വാച്ചർ - എന്ന ഉദ്യോഗസ്ഥന് എതിരായ അച്ചടക്ക നടപടി - സംബന്ധിച്ച്

ക്ഷീര വികസന വകുപ്പിൽ ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നൈറ്റ് വാച്ചർ ആയിരിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന ശ്രീ.എസ്.ഹംസപിള്ള, ടിയാന് അനുവദിച്ചിരുന്ന ശൂന്യവേതന അവധി കാലാവധി കഴിഞ്ഞിട്ടും തിരികെ സേവനത്തിൽ പ്രവേശിക്കാതിരുന്നതിനാൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) പ്രകാരം നടപടി എടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ Appendix H4, Appendix H5 പ്രകാരമുള്ള പരസ്യം ഇതോടൊപ്പം അയക്കുന്നു. പ്രസ്തുത നോട്ടീസുകൾ സർക്കാർ വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

Signed by
Asif K Yusuf I A S
Date: 12-04-2024 15:40:26

പകർപ്പ് : ഡെപ്യൂട്ടി ഡയറക്ടർ IT
(അനുബന്ധം. എച്ച് 4 , വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

I/164289/2024

**അനുബന്ധം.എച്ച്.5**

Window No.Iprd/......

ക്ഷീര വികസന വകുപ്പ്

ശ്രീ.ആസിഫ് കെ യൂസഫ് IAS,
ഡയറക്ടർ
ക്ഷീര വികസന വകുപ്പ്

ക്ഷീര വികസന വകുപ്പിൽ ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നൈറ്റ് വാച്ചർ ആയിരിക്കെ അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ചതിനുശേഷം തിരികെ സേവനത്തിൽ പ്രവേശിക്കാത്തതിന് ശ്രീ.എസ്.ഹംസപിള്ളക്ക് എതിരായുള്ള അച്ചടക്കനടപടി

താങ്കൾക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ 11(1)(vii) പ്രകാരം താങ്കളെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദീകരണം 15 ദിവസത്തിനകം നൽകണം.

വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക.

www. dairydevelopment.kerala.gov.in

ഡയറക്ടർ

Signed by
Asif K Yusuf I A S
Date: 12-04-2024 15:38:39

I/164287/2024

അനുബന്ധം. എച്ച് 4

**നോട്ടീസ്**

ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നൈറ്റ് വാച്ചർ ആയിരുന്ന ശ്രീ.എസ്.ഹംസപിള്ള എന്ന താങ്കൾക്ക് KSR Part I Appexindix XII A പ്രകാരം 19.09.2006 മുതൽ തുടർച്ചയായി 15 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധി കഴിഞ്ഞ് 19.09.2021 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ മറ്റ് അപേക്ഷകളോ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടി രജിസ്റ്റേർഡ് കത്ത് മടങ്ങി വന്നതിനാൽ Appendix H4, Appendix H5 പ്രകാരമുള്ള പത്ര പരസ്യം പ്രസിദ്ധീകരിച്ചിരുന്നു. താങ്കളുടെ ഭാഗത്ത് നിന്നും മറുപടി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മേജർ പെനാൽറ്റിയുള്ള ചാർജ്ജ് മെമ്മോ നൽകിയിരുന്നു. ആയത് താങ്കൾ കൈപ്പറ്റിയിട്ടുണ്ട് എങ്കിലും മറുപടി ലഭ്യമായിരുന്നില്ല.

താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നിതിന്റെ ഭാഗമായി 1960 ലെ Kerala Civil Service ( Classification Control & Appeal rules (KCS(CC&A) റൂൾസിലെ ചട്ടം 15 പ്രകാരമുള്ള ഔചാരിക അന്വേഷണം നടത്തുന്നതിന് വകുപ്പിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഇ.ഷീജയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താങ്കൾ ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കണക്കാക്കി താങ്കൾക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ 11(1)(vii) പ്രകാരം താങ്കളെ സർക്കാർ സർവ്വീസിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു എന്നറിയിച്ചു കൊണ്ടുള്ള 19.03.2024 ലെ നോട്ടീസ് താങ്കളുടെ വിലാസത്തിൽ രജിസ്റ്റേർഡ് ആയി അയച്ചിരുന്നു.

എന്നാൽ ആ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ ' Addressee Left India ' എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപാർട്ട്മെന്റിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങളുടെ വിശദീകരണം ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. ബന്ധപ്പെട്ട നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കുമുമ്പ് ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

Signed by
Asif K Yusuf I A S
Date: 12-04-2024 15:37:45

ഡയറക്ടർ
ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

ശ്രീ. എസ്.ഹംസപിള്ള
തറയിൽ തെക്കേതിൽ
വരവിള.പി.ഒ, വവ്വക്കാവ്, കൊല്ലം
നമ്പർ: DDDKER/4976/2021-ES2 : തിരുവനന്തപുരം: 12-04-2024